പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1587 — 21.3.2012-ൽ മറുപടിയ്ക്ക്

## ഗൃഹപരിസരകൃഷി

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. കെ. കെ.നാരായണൻ: | **ശ്രീ . കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഗൃഹപരിസരകൃഷിയുടെ ഭാഗമായി മുഴുവൻ ഗൃഹങ്ങളിലും പച്ചക്കറിവിത്തുകളും/തൈകളും എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) കൃഷി വകുപ്പും അനുബന്ധ ഏജൻസികളും ഗ്രാമപഞ്ചായത്തുകൾ വഴിയും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ മുഖേന ഗൃഹപരിസര കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്. എല്ലാ ഗൃഹങ്ങളിലും പച്ചക്കറി വിത്തുകളും തൈകളും എത്തിക്കുന്നതിനായി നിലവിൽ പദ്ധതി ഇല്ല. എന്നാൽ തിരുവനന്തപുരം ജില്ലയിലെ 2500 വീടുകളിൽ അടുക്കള പച്ചക്കറിത്തോട്ടം, 18750 വീടുകളിൽ മട്ടുപ്പാവിലെ പച്ചക്കറി കൃഷിയും 'വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്' പദ്ധതിയിൽ നടപ്പിലാക്കുന്നുണ്ട്. |

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

(ബി) 2011-2012 - ലെ പച്ചക്കറി വികസന പദ്ധതി ഭക്ഷ്യസുരക്ഷ, 100 ദിന കർമ്മ പരിപാടി എന്നിവയിൽപ്പെടുത്തി പച്ചക്കറി വിത്തുകൾ ഗൃഹപരിസര കൃഷിക്ക് സൗജന്യമായി നൽകിയിട്ടുണ്ട്. മട്ടുപ്പാവ് കൃഷിക്കായി പ്രത്യേക പദ്ധതി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴി നടപ്പിലാക്കുന്നുണ്ട്.

100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് 10 രൂപ വിലയുള്ള 25 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി നൽകിയിട്ടുണ്ട്;; ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി ഗൃഹപരിസര കൃഷിക്ക് വിത്തിന് പുറമെ ജൈവ വളം, പണി ആയുധം എന്നിവ ഉൾപ്പെടുന്ന 200 രൂപ വിലയുള്ള 75000 കിറ്റുകളും, സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 10 രൂപ വിലയുള്ള 2 ലക്ഷം വിത്ത് കിറ്റുകളും നൽകിയിട്ടുണ്ട്. കൂടാതെ വിവിധ ആനുകാലിക പ്രസിദ്ധീകരങ്ങളിലൂടെ 6 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുക്കൾ വിതരണം ചെയ്തിട്ടുണ്ട്.

Srishams

സെക്ഷൻ ഓഫീസർ